പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1900 08.06.2018-ലെ മറുപടിക്ക്

## കെ. എസ്. ആർ. ടി. സി. യിലെ കൂട്ട വിരമിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി.സതീശൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ. എസ്. ആർ. ടി. സി. യിൽ നിന്നും 2018 മേയ് മാസത്തിൽ ജീവനക്കാർ കൂട്ടത്തോടെ വിരമിക്കുന്നത് നിലവിലുള്ള ബസ് സർവ്വീസുകളെ പ്രതിസന്ധിയിലാക്കിയിട്ടുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ 2018 മെയ് മാസത്തിൽ ഡ്രൈവർ വിഭാഗം ജീവനക്കാർ കൂടുതലായി വിരമിച്ചത് കാരണം സർവ്വീസ് നടത്തിപ്പിന് പ്രതിസന്ധി വന്നിട്ടുണ്ട്. |
| (ബി) | വിരമിക്കുന്ന ഡ്രൈവർമാർക്കു പകരം പെൻഷൻ പറ്റിയ ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എപ്രകാരമാണ് പ്രസ്തുത ജീവനക്കാരെ തെരഞ്ഞെടുക്കുന്നത്; | (ബി) | വിരമിക്കുന്ന ഡ്രൈവർമാർക്ക് പകരം പെൻഷൻ പറ്റിയ ഡ്രൈവർമാരുടെ സേവനം ഉപയോഗപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ആർ.റ്റി.സി.യിൽ നിന്നും വിരമിച്ച 60 വയസ്സിന് താഴെ പ്രായവും, ശാരീരിക ക്ഷമതയുള്ള ഡ്രൈവർമാരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് യൂണിറ്റധികാരികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രതിദിന വരുമാനം 8000 രൂപയിൽ കുറവായ എല്ലാ സർവ്വീസുകളും സിംഗിൾ ഡ്യൂട്ടി സമ്പ്രദായത്തിലേക്ക് മാറ്റുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ; ഇതിലൂടെ ഉണ്ടാകുന്ന നേട്ടം എന്താണെന്നു വെളിപ്പെടുത്തുമോ? | (സി) | ഉണ്ട്.<br>ഒറ്റപ്പെട്ട മേഖലകളിലേയ്ക്ക് സാമൂഹിക പ്രതിബദ്ധതയുടേയും, പൊതുജനങ്ങളുടെ യാത്രാ സൗകര്യം നിറവേറ്റപ്പെടുന്നതിനുമായും കെ.എസ്.ആർ.ടി.സി നിരവധി സർവ്വീസുകൾ നടത്തി വരുന്നുണ്ട്. വളരെ കുറഞ്ഞ വരുമാനം മാത്രമാണ് ഈ സർവ്വീസുകൾക്ക് |

| | | | |
|---|---|---|---|
| | | | ലഭിച്ച് വരുന്നത്. എന്നാൽ ഡ്യൂട്ടി പുന:ക്രമീകരണത്തിന്റെ ഭാഗമായി വരുമാനം കുറഞ്ഞ ഇത്തരം സർവ്വീസുകൾ സിംഗിൾ ഡ്യൂട്ടി സംവിധാനത്തിലൂടെ മാറ്റിയതിലൂടെ കെ.എസ്.ആർ.ടി.സി.യ്ക്ക് ജീവനക്കാരെ കൂടുതൽ ഫലപ്രദമായി വിനിയോഗിക്കുവാനും വരുമാനം കുറഞ്ഞ സർവ്വീസുകളിലെ പ്രയോജനകരമായ ട്രിപ്പുകൾ നിലനിർത്തുന്നതിനും സാധിച്ചിട്ടുണ്ട്. ജീവനക്കാരുടെ പുനർവിന്യാസം സാധ്യമാക്കിയതിലൂടെ കൂടുതൽ ജനോപകാരപ്രദമായ സർവ്വീസുകൾ നടത്തുന്നതിനും കോർപ്പറേഷന് കൂടുതൽ വരുമാനം കൈവരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**